പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3664 — 24.06.2014-ൽ മറുപടിയ്ക്ക്

# ട്രാൻസ്ഫോമറുകൾക്ക് സുരക്ഷാവേലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന്റെ അധീനതയിലുള്ള ട്രാൻസ്ഫോമറുകൾക്കു ചുറ്റും സുരക്ഷാവേലി കെട്ടുന്നതിന് കെ. എസ്. ഇ. ബി. കരാറുകാരെ ചുമതലപ്പെടുത്താറുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിൻ പ്രകാരം ട്രാൻസ്ഫോർമർ സ്ഥാപിച്ച സ്ഥലം മെറ്റലിംഗിനും കമ്പിവേലി കെട്ടുന്നതിനും യഥാക്രമം എന്ത് റേറ്റ് വീതമാണ് നിശ്ചയിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ; | (ബി) മെറ്റലിംഗിന് ചതുരശ്ര മീറ്ററിന് 216 രൂപയും ഫെൻസിംഗിന് ചതുരശ്ര മീറ്ററിന് 1224 രൂപയും ആണ് 2013-ൽ ബോർഡ് പ്രസിദ്ധീകരിച്ച uniform labour data പ്രകാരമുള്ള നിരക്കുകൾ. Uniform labour data, PWD Schedule of rates - നെ ആധാരമാക്കിയാണ് തയ്യാറാക്കിയത്. |
| (സി) പ്രസ്തുത റേറ്റ് 17-02-2014-ലെ ഡി.ബി./റ്റി.ആർ ഫെൻസിംഗ്/13-14/എ.ഇ.ഇ/എ.സി.എൽ/185 പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; ആയത് കുറവാണോ കൂടുതലാണോ എന്ന് വ്യക്തമാക്കുമോ ; | (സി) പുതുക്കി നിശ്ചയിച്ചിട്ടില്ല. ഇലക്ട്രിക്കൽ സർക്കിളുകളിൽ വിവിധ പ്രവൃത്തികൾക്ക് നൽകുന്ന നിരക്കുകൾ വ്യത്യസ്തമാണെന്നുള്ള കണ്ടെത്തലിനെ തുടർന്ന് നിരക്കുകൾ ഏകീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ബോർഡ് 2010-ൽ uniform labour data പ്രസിദ്ധീകരിച്ചത്. 2010-ലെ labour data യിൽ ഫെൻസിംഗിനും മെറ്റലിംഗിനും നിരക്കുകൾ ഉൾപ്പെടുത്തിയിരുന്നില്ല. 2012-ൽ labour data പുതുക്കിയപ്പോഴാണ് ഫെൻസിംഗിനും മെറ്റലിംഗിനും മേൽപ്പറഞ്ഞ നിരക്കുകൾ ഉൾപ്പെടുത്തിയത്. ഏകീകൃത നിരക്ക് നേരത്തേയില്ലാതിരുന്നതിനാൽ ചില സ്ഥലങ്ങളിൽ കുറവും ചില സ്ഥലങ്ങളിൽ കൂടുതലും വന്നിട്ടുണ്ട്. |

(ഡി) പ്രസ്തുത കാലയളവിൽ കമ്പി വേലി നിർമ്മാണത്തിനുള്ള സാധന സാമഗ്രികളുടെ വിലനിലവാരത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ട്.

(ഇ) ഇതര മേഖലകളിലെ എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും റേറ്റുകൾ പുതുക്കി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾക്കുള്ള റേറ്റും പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

(ഇ) PWD rate പുതുക്കുന്ന മുറയ്ക്ക് labour data പുതുക്കി നിശ്ചയിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.